REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 06-05-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഇന്ത്യ - പാക് അതിർത്തിയിലെ സംഘർഷ സാധ്യത മുൻ നിർത്തി നാളെ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും മോക്ഡ്രിൽ സംഘടിപ്പിക്കും.**
- **ഇന്ന് തൃശൂർ പൂരം. കണിമംഗലം ശാസ്താവിന്റെ എഴുന്നള്ളിപ്പ് അല്പസമയത്തിനകം പൂരനഗരിയിലെത്തും.**
- **ലഹരി വിരുദ്ധ സന്ദേശ പ്രചാരണ ക്യാമ്പയിൻ 'കിക്ക് ഡ്രഗ്സി'ന് കാസർക്കോട്ട് തുടക്കമായി.**
- **മുഖ്യമന്ത്രിയുടെ രാജി ആവശ്യപ്പെട്ട് പത്ത് ജില്ലകളിൽ ഇന്ന് കോൺഗ്രസിന്റെ കളക്ട്രേറ്റ് മാർച്ച്.**
- **ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് നീന്തലിൽ നാല് സ്വർണ്ണവുമായി കർണാടക മുന്നിൽ.**

## വാർത്തകൾ വിശദമായി

ഇന്ത്യ - പാക് അതിർത്തിയിലെ സംഘർഷ സാധ്യത മുൻ നിർത്തി എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും നാളെ അടിയന്തര സാഹചര്യങ്ങൾ നേരിടാനാവശ്യമായ മോക്ഡ്രിൽ സംഘടിപ്പിക്കാൻ ആഭ്യന്തര മന്ത്രാലയം നിർദേശം നൽകി. രാജ്യത്തെ തെരഞ്ഞെടുത്ത 244 ജില്ലകളെ കേന്ദ്രീകരിച്ചായിരിക്കും അടിയന്തര സാഹചര്യം നേരിടുന്നതിലെ സന്നാഹ നടപടികൾ പരീക്ഷിക്കുന്നത്.

ഡെസ്ക് റിപ്പോർട്ട്

.....വോയ്സ്......

മോക്ഡ്രില്ലിനെ പറ്റി ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻ ഇന്ന് സംസ്ഥാന ചീഫ് സെക്രട്ടറിമാരുമായി ചർച്ച നടത്തും. ഗ്രാമ തലം മുതൽ മോക്ഡ്രിൽ സംഘടിപ്പിക്കാനാണ് തീരുമാനം.

വ്യോമാക്രമണ മുന്നറിയിപ്പ്, വ്യോമസേനയും കൺട്രോൾ റൂമുകളുമായി ഹോട്ട് ലൈൻ - റേഡിയോ ആശയവിനിമയം തുടങ്ങിയ മുന്നൊരുക്കങ്ങൾ മോക്ഡ്രില്ലിൽ അവലോകന വിധേയമാക്കും. സിവിലിയന്മാർക്കും വിദ്യാർത്ഥികൾക്കും ആപത് ഘട്ടങ്ങളിൽ സ്വീകരിക്കേണ്ട സുരക്ഷാ നടപടികളിൽ പരിശീലനം നൽകും. അടിയന്തര ഒഴിപ്പിക്കൽ നടപടികളുടെ പരിശീലനവും ഇതോടൊപ്പമുണ്ടായിരിക്കും.

വ്യോമാക്രമണ സമയത്ത് മുഴക്കുന്ന സൈറൺ, രാത്രിയിലെ വിളക്കണയ്ക്കൽ, ഒഴിപ്പിക്കൽ, സുപ്രധാന കേന്ദ്രങ്ങളുടെ കാമോഫ്ളാഷ് തയ്യാറെടുപ്പുകൾ എന്നിവയുടെ പ്രായോഗികതയും മോക്ഡ്രില്ലിൽ വിശകലനം ചെയ്യും.

✪✪✪

ഇന്ന് തൃശൂർ പൂരം. കണിമംഗലം ശാസ്താവിന്റെ എഴുന്നള്ളിപ്പ് അല്പസമയത്തിനകം വടക്കുംനാഥ സന്നിധിയിൽ എത്തുന്നതിന് പിന്നാലെ ഘടക പൂരങ്ങളും പൂരനഗരത്തിലേക്ക് എത്തിച്ചേരും. താളമേള വർണ്ണ വിസ്മയങ്ങൾക്ക് സാക്ഷികളാകാൻ ജനലക്ഷങ്ങൾ തൃശൂരിലേക്ക് ഒഴുകിയെത്തുകയാണ്.

വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി ഭരിത പ്രതാപ്.

..........വോയ്സ്.........

മഠത്തിൽ വരവും ഇലഞ്ഞിത്തറമേളവും കുടമാറ്റവും കരിമരുന്ന് ഒരുക്കുന്ന വർണാഭമായ വാനവിസ്മയങ്ങളും കാണാൻ തൃശൂരിലേക്ക് ജനങ്ങളുടെ ഒഴുക്ക് ആരംഭിച്ചുകഴിഞ്ഞു.

രാവിലെ ഏഴു മുതൽ വടക്കുന്നാഥ ക്ഷേത്രത്തിലേക്ക് ചെറുപൂരങ്ങളുടെ വരവാണ്. 8 ഘടകക്ഷേത്രങ്ങളിൽ നിന്നും വടക്കുന്നാഥനെ വണങ്ങാൻ എത്തും. തുടർന്ന് മഠത്തിൽവരവ് പഞ്ചവാദ്യം. രാവിലെ 11:30ന് ബ്രഹ്മസ്വം മഠത്തിൽ നിന്നാരംഭിക്കും. പാറമേക്കാവ് ക്ഷേത്ര പരിസരത്ത് ഉച്ചയ്ക്ക് 12 മണിയോടെ ചെമ്പടമേളം.

ഉച്ചയ്ക്ക് രണ്ടരയ്ക്ക് പാറമേക്കാവ് വിഭാഗത്തിന്റെ പ്രധാനമേളമായ 300 കലാകാരന്മാർ പങ്കെടുക്കുന്ന ഇലഞ്ഞിത്തറമേളത്തിന് തുടക്കമാകും. മേളത്തിന്റെ ഭാഗമാകും.

വൈകുന്നേരം അഞ്ചരയോടെ വർണക്കുടകൾ വാനിലുയരുന്ന കുടമാറ്റത്തിനായി തിരുവമ്പാടി, പാറമേക്കാവ് വിഭാഗങ്ങൾ 15 വീതം ആനകളുമായി അണിനിരക്കും. വിസ്മയങ്ങൾ ഒന്നൊന്നായി കുടമാറ്റത്തിലൂടെ വിരിയും.. പൂര ദിവസമായ ഇന്ന് രാവിലെ മുതൽ നാളെ ഉച്ചയ്ക്ക് പൂരം വിടചൊല്ലി പിരിയുന്നതുവരെ ജനസഹസ്രങ്ങൾ പൂരാവേശത്തിലമരും.

✪✪✪

പൂരത്തോടനുബന്ധിച്ച് കോർപ്പറേഷൻ പരിധിയിൽ മദ്യനിരോധനം ഏർപ്പെടുത്തി. പ്രാദേശിക അവധിയും നൽകിയിട്ടുണ്ട്. കർശനമായ സുരക്ഷാ സന്നാഹങ്ങളും ഒരുക്കിക്കഴിഞ്ഞു.

✪✪✪

ലഹരി എത്തുന്ന മാർഗങ്ങളെല്ലാം തടയുന്നത് തികഞ്ഞ ശ്രദ്ധയോടെയും ഉത്തരവാദിത്വത്തോടെയും ചെയ്യേണ്ട കാര്യമാണെന്നും മയക്കുമരുന്ന് വിരുദ്ധസന്ദേശ പ്രചാരണ ക്യാമ്പയിൻ ഇതിന്റെ ആദ്യ ചുവട് വെയ്പ്പാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കായിക വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 'കിക്ക് ഡ്രഗ്സ്' കാസർകോട്ട് ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

സ്കൂളുകളിൽ നിന്ന് ക്ഷീണവും മടുപ്പും ഒഴിവാക്കി കുട്ടികൾക്ക് വീടുകളിലേക്ക് മടങ്ങാനാകണം. അങ്ങനെ വന്നാൽ അരുതാത്ത ശീലങ്ങൾ പടർത്താൻ ശ്രമിക്കുന്നവർക്ക് കുട്ടികളെ സ്വാധീനിക്കാൻ കഴിയില്ല. ഇത് മുൻനിർത്തിയാണ് സൂംബാ ഡാൻസ് ഉൾപ്പെടെ പരിപാടികൾ സ്കൂളുകളിൽ നടപ്പാക്കാൻ ഗവൺമെന്റ് ആലോചിച്ചു വരുന്നതെന്നും മുഖ്യമന്ത്രി വിശദീകരിച്ചു.

കാസർക്കോട്ട് നിന്ന് പുറപ്പെട്ട കിക്ക് ഡ്രഗ്സ് സന്ദേശ യാത്ര ഇന്ന് കണ്ണൂർ ജില്ലയിലും നാളെ വയനാട് ജില്ലയിലുമെത്തും.

✪✪✪

ഗവൺമെന്റിനെതിരെ അഴിമതി ആരോപണം ഉന്നയിച്ചും മുഖ്യമന്ത്രിയുടെ രാജി ആവശ്യപ്പെട്ടും കോൺഗ്രസ് ഇന്ന് പത്ത് ജില്ലകളിൽ കളക്ട്രേറ്റ് മാർച്ച് സംഘടിപ്പിക്കും.

പ്രതിപക്ഷ നേതാവ്  VD സതീശൻ കോഴിക്കോട്ടും മുതിർന്ന നേതാവ് രമേശ് ചെന്നിത്തല എറണാകുളത്തും UDF കൺവീനർ MM ഹസൻ ആലപ്പുഴയിലും മാർച്ച് ഉദ്ഘാടനം ചെയ്യും.  K.മുരളീധരൻ വയനാട്ടിലും  ബെന്നി ബെഹനാൻ പാലക്കാട്ടും T.സിദ്ധിഖ് കണ്ണൂരും TN.പ്രതാപൻ കാസർകോട്ടും KC.ജോസഫ് ഇടുക്കിയിലും ഷാനിമോൾ ഉസ്മാൻ കോട്ടയത്തും മാർച്ചിന് നേതൃത്വം നൽകും.

സംവിധാൻ ബെച്ചാവോ റാലിയിൽ പങ്കെടുത്ത തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളേയും പൂരം നടക്കുന്നതിനാൽ തൃശൂരിനേയും മാർച്ചിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ജില്ലാ കോൺഗ്രസ് കമ്മിറ്റികളാണ്  മാർച്ച് നടത്തുന്നത്.

✪✪✪

എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ ചമഞ്ഞു ഡിജിറ്റൽ അറസ്റ്റ് എന്ന പേരിൽ 7 കോടി 67 ലക്ഷം രൂപയുടെ തട്ടിപ്പ് നടത്തിയ ആറുപേരെ ഓപ്പറേഷൻ ചക്ര-5ന്റെ  ഭാഗമായി CBI അറസ്റ്റ്  ചെയ്തു. CBI രാജ്യവ്യാപക റെയ്ഡിന്റെ ഭാഗമായി കഴിഞ്ഞമാസം മുംബൈയിൽ നാലുപേരെ അറസ്റ്റ് ചെയ്തിരുന്നു. ഇതിനു പുറമെ രണ്ടുപേർകൂടിയാണ് പിടിയിലായത്.

✪✪✪

റിയൽ എസ്റ്റേറ്റ് തട്ടിപ്പുമായി ബന്ധപ്പെട്ട കേസിൽ WTC ഫരീദാബാദ് ഇൻഫ്രാസ്ട്രക്ച്ചർ ഗ്രൂപ്പിന്റെ  രണ്ടായിരത്തി 348 കോടി രൂപയുടെ സ്വത്ത് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കണ്ടുകെട്ടി. ഗ്രൂപ്പിന്റെ തലവൻ  ആശിഷ് ഭല്ല കൂടുതൽ വരുമാനം വാഗ്ദാനം ചെയ്ത് പന്ത്രണ്ടായിരത്തിലധികം നിക്ഷേപകരെ കബളിപ്പിച്ച്  പണം തട്ടിയെടുത്ത് സ്വന്തം ബന്ധുക്കളുടെ സ്ഥാപനങ്ങളിലേക്ക് കൈമാറുകയായിരുന്നു.

✪✪✪

സംസ്ഥാനത്ത് 600 കോടി രൂപ ചിലവിൽ മൂന്ന് സയൻസ് പാർക്കുകൾ യാഥാർത്ഥ്യമാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഇതോടുകൂടി കേരളം ആധുനിക വിജ്ഞാന ഉത്പാദന കേന്ദ്രമായി മാറും. LDF ഗവൺമെന്റിന്റെ നാലാം വാർഷികത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പാലക്കാട് ജില്ലാ തല യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ആഘോഷങ്ങളുടെ ഭാഗമായി കോട്ട മൈതാനത്ത് സംഘടിപ്പിച്ച LDF റാലിയും മഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. മറ്റന്നാൾ  മലമ്പുഴയിൽ ചേരുന്ന തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളുടെ മേഖലാതല അവലോകന യോഗത്തിലും മുഖ്യമന്ത്രി പങ്കെടുക്കും.

✪✪✪

LDF ഗവൺമെന്റിന്റെ   നാലാം വാർഷികത്തിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുക്കുന്ന ആലപ്പുഴ ജില്ലാതല യോഗം രാവിലെ പാതിരപ്പള്ളി കാമിലോട്ട് കൺവെൻഷൻ സെന്ററിൽ ആരംഭിക്കും. ജില്ലാതല യോഗത്തിൽ ക്ഷണിക്കപ്പെട്ട 500 വ്യക്തികൾ പങ്കെടുക്കും. വൈകിട്ട് ആലപ്പുഴ കടപ്പുറത്ത് LDF റാലിയിലും മുഖ്യമന്ത്രി പങ്കെടുക്കും .

✪✪✪

KSRTC ജീവനക്കാർക്കായി ഇൻഷൂറൻസ് പാക്കേജ് നടപ്പാക്കുമെന്ന് മന്ത്രി KB ഗണേഷ്കുമാർ അറിയിച്ചു. ജൂൺ നാലിന് പദ്ധതി പ്രാബല്യത്തിൽ വരും. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുമായി സഹകരിച്ചാണ് പദ്ധതി. 22,000ത്തിലേറെ സ്ഥിരം ജീവനക്കാർക്ക് പദ്ധതിയുടെ ഗുണം ലഭിക്കും.

✪✪✪

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ്  നീന്തലിൽ നാല് സ്വർണ്ണം  നേടി കർണാടക ഒന്നാം സ്ഥാനത്തെത്തി. പെൺകുട്ടികളുടെ 200 മീറ്റർ നീന്തൽ ഫ്രീസ്റ്റൈൽ വിഭാഗത്തിൽ മഹാരാഷ്ട്രയുടെ അദിതി സതീഷ് ഹെഗ്ഡെ മികച്ച പ്രകടനത്തോടെ സ്വർണ്ണ മെഡൽ നേടി.

✪✪✪

തായ്പേയ് ഓപ്പൺ 2025 ഷട്ടിൽ  ടൂർണമെന്റിൽ കിഡംബി ശ്രീകാന്ത്, അൻമോൾ കർബ്, ഉന്നതി ഹൂഡ എന്നീ താരങ്ങൾ ഇന്ത്യയെ നയിക്കും. ഇന്ന് ചൈനീസ് തായ്പേയിൽ ആണ്  ടൂർണ്ണമെന്റ് ആരംഭിക്കുന്നത്.

✪✪✪

IPL ക്രിക്കറ്റിൽ സൺ റൈസേഴ്സ് ഹൈദരാബാദ് - ഡൽഹി കാപ്പിറ്റൽസ് മത്സരം മഴമൂലം ഉപേക്ഷിച്ചു. ഇതോടെ  ഇരു ടീമുകൾക്കും ഒരു പോയിന്റ് ലഭിച്ചു.

ഇന്ന് മുംബൈ ഇന്ത്യൻസ് ഗുജറാത്ത് ടൈറ്റൻസിനെ നേരിടും.വൈകിട്ട്  7:30 ന് മുംബൈ  വാങ്കഡെ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

മാർച്ചിൽ നടത്തിയ ഹയർസെക്കൻഡറി ഒന്നാം വർഷ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. ഈ വർഷം ആദ്യമായാണ് പൊതു പരീക്ഷകൾക്കൊപ്പം ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷയും നടത്തിയത്. പരീക്ഷയെഴുതിയ മൂന്ന് ലക്ഷത്തി 16,396 വിദ്യാർത്ഥികളിൽ 35,812 വിദ്യാർത്ഥികൾ ഫലം മെച്ചപ്പെടുത്തി.

രണ്ടാം വർഷ ഹയർസെക്കൻഡറി മൂല്യനിർണയവും പൂർത്തിയായി. ഇതിന്റെ ടാബുലേഷൻ പുരോഗമിക്കുകയാണ്.

✪✪✪

തിരുവനന്തപുരം വഴുതക്കാട്ടെ കാഴ്ചപരിമിതരുടെ ഗവൺമെന്റ് സ്കൂളുമായി ബന്ധപ്പെട്ട പരാതികൾ അന്വേഷിക്കാൻ രണ്ടംഗ സമിതിയെ നിയോഗിച്ചു. പൊതു വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറി BTബിജുകുമാർ, ജോയിന്റ് ഡയറക്ടർ അബൂബേക്കർ എന്നിവരാണ് സമിതി അംഗങ്ങൾ. മന്ത്രി V ശിവൻകുട്ടിയുടെ നേതൃത്വത്തിൽ ചേർന്ന യോഗമാണ് സമിതിയെ നിയമിച്ചത്.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളജിലെ പുതിയ ബ്ലോക്കിന്റെ ആറാം നിലയിൽ തീപ്പൊരിയും പുകയും ഉയർന്ന സംഭവത്തിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അടക്കം പരിശോധന വേണമെന്ന് ഫയർഫോഴ്സ് ആവശ്യപ്പെട്ടു. കഴിഞ്ഞ ദിവസം അത്യാഹിത വിഭാഗത്തിലെ UPS റൂമിൽ നിന്നും പുകയുയർന്ന സാഹചര്യം പരിശോധിക്കുന്നതിനിടെയാണ് ആറാം നിലയിലെ തിയേറ്റർ കോംപ്ലക്സിൽ തീപ്പൊരിയും പുകയും കണ്ടെത്തിയത്. ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന് മെഡിക്കൽ കോളേജ് അധികൃതർ അറിയിച്ചു. സംഭവത്തിൽ പ്രതിഷേധിച്ച് വിവിധ സംഘടനകൾ രംഗത്തെത്തിയിരുന്നു.

✪✪✪

കോഴിക്കോട്ട് കുടുംബശ്രീയുടെ നേതൃത്വത്തിൽ 12-ാമത് ദേശീയ സരസ് മേള പുരോഗമിക്കുന്നു. കര കൗശല വസ്തുക്കളും തുണിത്തരങ്ങളും ഭക്ഷ്യ ഉത്പന്നങ്ങളും പ്രദർശിപ്പിക്കുന്ന 250 ലേറെ സ്റ്റാളുകളിലും ഫുഡ്കോർട്ടിലും വൻ ജനത്തിരക്കാണ്.

✪✪✪

നന്ദൻകോട് കൂട്ടക്കൊല കേസിന്റെ വിധി ഇന്ന് പ്രഖ്യാപിക്കും. തിരുവനന്തപുരം ആറാം അഡീഷണൽ സെഷൻസ് കോടതിയാണ് വിധി പറയുക. കേദൽ ജിൻസൺ രാജയാണ് കേസിലെ ഏക പ്രതി. 2017 ഏപ്രിൽ എട്ടിന് മാതാപിതാക്കളെയും സഹോദരിയെയും ബന്ധുവിനെയും വീട്ടിൽ കൊലപ്പെടുത്തിയെന്നാണ് കേസ്.

✪✪✪

സിലബസ് പരിഷ്കരണത്തിന്റെ പേരിൽ ശ്രീനാരായണഗുരു പാഠഭാഗങ്ങൾ സിലബസിൽ നിന്ന് ഒഴിവാക്കിയതായി കോൺഗ്രസ് പ്രവർത്തകസമിതിയംഗം രമേശ് ചെന്നിത്തല കുറ്റപ്പെടുത്തി. ഇതിന്റെ പിന്നിലെ ഗൂഢാലോചനയെക്കുറിച്ച് അന്വേഷിക്കണമെന്ന് ചെന്നിത്തല തിരുവനന്തപുരത്ത് വാർത്താകുറിപ്പിൽ ആവശ്യപ്പെട്ടു.

✪✪✪

എല്ലാ ഗവൺമെന്റ് ഓഫീസുകളിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മൊബൈൽ ഫോൺ നമ്പറുകൾ പ്രദർശിപ്പിക്കണമെന്ന് എറണാകുളം ജില്ലാ വിജിലൻസ് കമ്മിറ്റി ആവശ്യപ്പെട്ടു. കളക്ട്രേറ്റിൽ ചേർന്ന വിജിലൻസ് കമ്മിറ്റി യോഗത്തിലാണ് തീരുമാനം.

✪✪✪

കരിപ്പൂർ ഹജ്ജ് ക്യാമ്പിന്റെ ഒരുക്കങ്ങൾ അന്തിമഘട്ടത്തിലെത്തിയതായി സംസ്ഥാന ഹജ്ജ് കമ്മിറ്റി അറിയിച്ചു. ഈ മാസം പത്തിന് ആരംഭിക്കാനിരിക്കുന്ന തീർത്ഥാടക യാത്രയ്ക്ക് മുന്നോടിയായി ഹജ്ജ് ക്യാമ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ഉദ്യോഗസ്ഥർ ക്യാമ്പുകളിൽ റിപ്പോർട്ട് ചെയ്തു.

✪✪✪

ലോക ലഹരിവിരുദ്ധ ദിനമായ ജൂൺ 26ന് കോഴിക്കോട് ജില്ലാ പഞ്ചായത്ത് സംഘടിപ്പിക്കുന്ന 'ടു മില്യൺ പ്ലഡ്ജ്' ക്യാമ്പയിനിന് മുന്നോടിയായി നഗരത്തിൽ ജനപ്രതിനിധികൾ നൈറ്റ് മാർച്ച് നടത്തി. മുതലക്കുളം മൈതാനിയിൽ നിന്നാരംഭിച്ച മാർച്ച് മേയർ ഡോ. ബീന ഫിലിപ്പ് ഫ്ളാഗ് ഓഫ് ചെയ്തു. പുതിയസ്റ്റാൻഡ് പരിസരത്ത് സമാപിച്ചു.

✪✪✪

കാസർകോട് ബാവിക്കര എസ്റ്റേറ്റിലേക്ക് മലിനജലം ഒഴുക്കിയതിനും മാലിന്യങ്ങൾ കത്തിച്ചതിനും മുതലപ്പാറയിലെ അപാർട്ട്മെന്റ് ഉടമയ്ക്ക് 15,000 രൂപ ജില്ലാ എൻഫോഴ്സ്മെന്റ് ബോർഡ് പിഴ ചുമത്തി.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*News Team: രജ്ന കെ*
*DEO: സി കെ സുബോധ്*